നം. എച്ച്2/29303/13/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെകാര്യാലയം
തിരുവനന്തപുരം

തീയതി : 10-02-2014

# സർക്കുലർ

വിഷയം:- **പൊതുവിദ്യാഭ്യാസം - എല്ലാ സ്കൂൾ വിദ്യാർത്ഥികൾക്കും ഏകീകൃത തിരിച്ചറിയൽ നമ്പർ ലഭ്യമാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:-
1. GO(MS) No. 27/2010/ITD dated 20.08.2010
2. 13.09.2012-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ NEP3/48432/2012/DPI നമ്പർ സർക്കുലർ
3. 13.06.2013-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ H2/29303/2013 നമ്പർ സർക്കുലർ
4. 28.10.2013-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ H2/29303/2013 നമ്പർ സർക്കുലർ

സ്കൂൾ വിദ്യാർത്ഥികൾക്ക് ഏകീകൃത തിരിച്ചറിയൽ നമ്പർ (യു.ഐ.ഡി) നൽകുന്നത് വിദ്യാഭ്യാസ മേഖലയിലെ വിവിധ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഗുണകരമാണ്. അതിനാൽ സംസ്ഥാനത്തെ എല്ലാ സ്കൂൾ വിദ്യാർത്ഥികൾക്കും യു.ഐ.ഡി നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ വിദ്യാഭ്യാസവകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ പദ്ധതി പൂർത്തിയാക്കുന്നതിന് സൂചനപ്രകാരം നിർദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഏതാനും വിദ്യാർത്ഥികൾക്ക് ഇപ്പോഴും യു.ഐ.ഡി/ഇ.ഐ.ഡി ലഭിച്ചിട്ടില്ല. ഇത് അടിയന്തിരമായി പരിഹരിക്കുന്നതിന് താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. സംസ്ഥാനത്തെ എല്ലാ സ്കൂൾ വിദ്യാർത്ഥികൾക്കും യു.ഐ.ഡി ലഭ്യമാക്കുന്നതിനുള്ള ഉത്തരവാദിത്വം അതത് സ്കൂൾ പ്രഥമാധ്യാപകർക്കാണെന്നും ഇതിൽ വീഴ്ച വരുത്തുന്ന പ്രഥമാധ്യാപകരുടെ പേരിൽ കർശന നടപടി സ്വീകരിക്കുന്നതാണെന്നും സൂചന 4 പ്രകാരം നിർദേശിച്ചിരുന്നു. സ്കൂളിലെ ഏതെങ്കിലും വിദ്യാർത്ഥിക്ക് ഇനിയും യു.ഐ.ഡി/ഇ.ഐ.ഡി ലഭിച്ചിട്ടില്ലെങ്കിൽ 2014 ഫെബ്രുവരി 15-ന് മുൻപ് യു.ഐ.ഡി ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.
2. സ്കൂളിലെ തസ്തിക നിർണയം ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളും യു.ഐ.ഡി/ഇ.ഐ.ഡി ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണത്തിന് അനുസരിച്ചായിരിക്കും. അതിനാൽ എല്ലാ വിദ്യാർത്ഥികൾക്കും യു.ഐ.ഡി ലഭിച്ചു എന്ന് സ്കൂൾ പ്രഥമാധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്.
3. വിദ്യാർത്ഥിക്ക് ലഭിക്കുന്ന യു.ഐ.ഡി/ഇ.ഐ.ഡി www.itschool.gov.in വെബ്സൈറ്റിലെ 'UID Enrollment Details' എന്ന ലിങ്കിൽ ഉൾപ്പെടുത്തുന്നതിന് പ്രഥമാധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
4. എ.ഇ.ഒ/ഡി.ഇ.ഒ മാർ അവരവരുടെ അധികാരപരിധിയിലെ എല്ലാ വിദ്യാലയങ്ങളിലും ഈ പ്രവർത്തനം സമയബന്ധിതമായി പൂർത്തിയാക്കിയെന്ന് ഉറപ്പുവരുത്തേണ്ടതും വീഴ്ച വരുത്തുന്ന സ്കൂളുകളുടെ വിശദാംശം പൊതുവിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കേണ്ടതുമാണ്.

വിദ്യാർത്ഥികളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ 2014 ഫെബ്രുവരി 15-ന് ശേഷം 'UID Enrollment Details' -ൽ ഉൾപ്പെടുത്തിയിരിക്കുന്ന യു.ഐ.ഡി/ഇ.ഐ.ഡി ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണത്തിനനുസരിച്ചായിരിക്കും കണക്കാക്കുന്നത്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ പ്രോജക്ട്
എല്ലാ ഡി.ഡി.ഇ/ഡി.ഇ.ഒ/എ.ഇ.ഒ-മാർക്കും
എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും (ഡി.ഇ.ഒ/എ.ഇ.ഒ മുഖേന)
സ്റ്റോക്ക് ഫയൽ